**വളരെ അത്യാവശ്യം**

"ഭരണഭാഷ മാതൃഭാഷ"

വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

ഐ2/26367/17

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, പി.എം.ജി,
തിരുവനന്തപുരം-33,
തീയതി :- 4.10.2017.

**സർക്കുലർ**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് – പ്ലാനിംഗ് – പുതിയ കണ്ടുപിടിത്തങ്ങൾ നടത്തുന്നതിന് ഐ.ടി.ഐ കളിലെ ട്രെയിനികൾക്ക് സംസ്ഥാനതലത്തിൽ അവാർഡ് നൽകുന്നത് – സംബന്ധിച്ച്

കേന്ദ്ര സർക്കാരിന് കീഴിലുള്ള Ministry of skill Development and Entrepreneurship മന്ത്രാലയം എല്ലാ വർഷവും നവംബർ മാസം 9-ാം തീയതി National Entrepreneurship Day ആയി ആചരിക്കുകയാണ്. ടി സാഹചര്യത്തിൽ കേരളത്തിൽ നൈപുണ്യവികസനത്തിനായി പരിശീലനം നൽകി വരുന്ന സർക്കാർ/സ്വകാര്യ ഐ.ടി.ഐ കളിലെ ട്രെയിനികളുടെ ഇടയിൽ പുതിയ കണ്ടുപിടിത്തങ്ങൾ നടത്തുന്നതിനുള്ള അവബോധം സൃഷ്ടിക്കേണ്ടത് നൈപുണ്യ വികസനത്തിന് അനിവാര്യമായിരിക്കുകയാണ്.

ടി സാഹചര്യത്തിൽ ഐ.ടി.ഐ ട്രെയിനികളുടെ ഇടയിൽ പുതിയ കണ്ടുപിടിത്തങ്ങൾ നടത്തുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പുതിയ കണ്ടുപിടിത്തങ്ങൾ നടത്തുന്ന ട്രെയിനികൾക്ക് സംസ്ഥാനതലത്തിൽ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതിന് വകുപ്പ് തീരുമാനിച്ചിരിക്കുകയാണെന്നുള്ള വിവരം അറിയിക്കുന്നു.

ജില്ലാതലം, റീജിയണൽ തലം, സംസ്ഥാനതലം എന്നീ മൂന്നു ഘട്ടങ്ങളിലായിട്ടാണ് "കണ്ടുപിടിത്തങ്ങൾ" വിലയിരുത്തുന്നത്. ഓരോ ഐ.ടി.ഐ യിൽ നിന്നും തിരഞ്ഞെടുക്കുന്ന പ്രബന്ധം/മോഡൽ അതാത് ജില്ലയിലെ നോഡൽ ഐ.ടി.ഐ യിൽ 20.10.2017-ന് മുമ്പാകെ എത്തിക്കേണ്ടതാണ്. ജില്ലാതല കമ്മിറ്റികൾ തിരഞ്ഞെടുക്കുന്നവ റീജിയണൽ കമ്മിറ്റി വിലയിരുത്തുന്നതും, തിരഞ്ഞെടുക്കുന്നവ സംസ്ഥാനതല കമ്മിറ്റി വിലയിരുത്തുന്നതുമാണ്. ഇത് സംബന്ധിച്ച നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. കണ്ടുപിടിത്തങ്ങൾ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ടവയായിരിക്കണം.
2. മത്സരാർത്ഥികൾ എൻ.സി.വി.റ്റി/എസ്.സി.വി.റ്റി അംഗീകാരമുള്ള സർക്കാർ/സ്വകാര്യ ഐ.ടി.ഐ കളിലെ പരിശീലനാർത്ഥികൾ ആയിരിക്കണം.
3. കണ്ടുപിടിത്തങ്ങൾ തികച്ചും നൂതനമായിരിക്കണം.